**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **13-12-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ സേവിങ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യൂ ടി. തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നാഷണൽ സേവിങ്സിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പുമായ ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും ബാങ്കിങ് പ്രവർത്തനങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായ സംസ്ഥാന ട്രഷറി വകുപ്പും സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്റ്റുഡൻസ സേവിംഗ്സ് സ്കീം എന്ന പേരിൽ ഒരു പദ്ധത 28/09/2016 മുതൽ ആരംഭിച്ചിട്ടുണ്ട്. മുൻപ നിലവിലുണ്ടായിരുന്ന സഞ്ചയിക പദ്ധതിയുടെ അതേ മാനദണ്ഡം നിലനിർത്തിക്കൊണ്ടാണ സ്റ്റുഡൻസ് സേവിംഗ്സ് സ്കീം എന്ന പദ്ധത നാഷണൽ സേവിംഗ്സ് വകുപ്പ് 2016 മുതൽ നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്ക് ടി പദ്ധതിയിൽ അംഗമാകാൻ കഴിയുന്നതും അംഗമാകുന്ന ഓരോ വിദ്യാർത്ഥിക്കും അവരുടെ നിക്ഷേപത്തിന് നിലവിലെ ട്രഷറി സേവിംഗ്സ ബാങ്ക് നിരക്കനുസരിച്ച് വാർഷിക പലിശ ലഭിക്കുന്നതുമാണ്. വിദ്യാർത്ഥികളിൽ നിന്നും സമാഹരിക്കുന്ന തുകയുടെ 80% വരെ സ്ഥിരനിക്ഷേപമാക്കി മാറ്റാവുന്നതും ആയതിൻപ്രകാരം ലഭിക്കുന്ന പലിശയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന പലിശ കിഴിച്ചുള്ള തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക വിനിയോഗിക്കാവുന്നതാണ്. സ്റ്റുഡൻസ സേവിംഗ്സ് സ്കീം പദ്ധതിയുടെ മാനദണ്ഡം കൂടുതൽ ആകർഷകമാക്ക വിപുലീകരിക്കുന്നതിനുള്ള നടപടികൾ 29/10/2022 ലെ സ.ഉ.(അച്ചടി) |

| | | | |
|---|---|---|---|
| | | | നം.132/2022/ധന ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നാഷണൽ സേവിങ്സിന്റെ പ്രവർത്തനത്തിൽ കുടുംബശ്രീ പ്രവർത്തകർക്ക് സമ്പാദ്യശീലം വളർത്താൻ ഉതകുന്ന പുതിയ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ